**Kerala Catholic Bishops' Council (KCBC)**
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release

*Ref: 936/KCBC/K-6/KPR/DS* 06.12.2024

## വയനാട്-വിലങ്ങാട് പ്രകൃതി ദുരന്തം: കത്തോലിക്കാസഭ വാഗ്ദാനം ചെയ്ത 100 ഭവനങ്ങളുടെ നിർമ്മാണോദ്ഘാടനം ഈ മാസം തന്നെ – കെസിബിസി

കൊച്ചി: കത്തോലിക്കാസഭ വാഗ്ദാനം ചെയ്ത 100 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ മാസം തന്നെ തുടങ്ങുന്നതിന് കെസിബിസി തീരുമാനിച്ചു. വയനാട്-വിലങ്ങാട് പ്രകൃതി ദുരന്തം നടന്നിട്ട് നാലു മാസങ്ങൾ പിന്നിട്ടിട്ടും സർക്കാരും സന്നദ്ധസംഘങ്ങളും വാഗ്ദാനം ചെയ്ത ഭവനങ്ങളുടെ നിർമ്മാണം വൈകുന്നത് ദുരിതബാധിതരോടുള്ള അവഗണനയായി മാറുകയാണ്. മനുഷ്യാവകാശലംഘനങ്ങളുടെ നേർകാഴ്ചയായി വയനാട്-വിലങ്ങാട് മാറാതിരിക്കേണ്ടതിന് ചുവപ്പുനാടയുടെ തടസ്സങ്ങൾ ഇല്ലാതാക്കാൻ സർക്കാർ സംവിധാനങ്ങൾ സത്വരമായി പ്രവർത്തിക്കണം. ഭവനങ്ങൾ നിർമ്മിക്കേണ്ട വാസയോഗ്യമായ സ്ഥലം കണ്ടെത്തി നൽകാൻ സർക്കാർ കാലതാമസം വരുത്തുന്നതാണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സമാകുന്നത്. മാത്രമല്ല, ഭവനനിർമ്മാണത്തിന് സർക്കാരിന്റെ ഭാഗത്തുനിന്നും നിർദേശങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്.

സഭാസംവിധാനത്തിൽ ദുരിതബാധിതർക്കുള്ള ഭവനനിർമ്മാണത്തിനായി ഇതുവരെ എട്ടുകോടി പത്തു ലക്ഷത്തി ഇരുപത്തയ്യായിരും രൂപ സമാഹരിക്കപ്പെട്ടിട്ടുണ്ട്. സഹകരിച്ചവരോടുള്ള നന്ദിയായും ദുരിതബാധിതരോടുള്ള നീതിയായും ഈ മാസം തന്നെ അനുയോജ്യമായ സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ഇന്ന് സമാപിച്ച കെസിബിസി യോഗം തീരുമാനിച്ചു. കെസിബിസി പ്രസിഡന്റ് കർദിനാൾ ക്ലീമിസ് കതോലിക്കാബാവ നിർമ്മാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവഹിക്കുന്നതാണ്.

### മുനമ്പം പ്രതിസന്ധി സംബന്ധിച്ച് കെസിബിസി അംഗീകരിച്ച പ്രമേയം

മുനമ്പം തീരപ്രദേശത്തെ ജനങ്ങളുടെ റവന്യൂ അവകാശം അടിയന്തിരമായി നിയമവിധേയമായി തന്നെ പുനഃസ്ഥാപിക്കണം. മുനമ്പത്തും സമാനമായവിധം മറ്റിടങ്ങളിലും വഖഫ് നിയമം മൂലം ഉടലെടുത്തിട്ടുള്ള പ്രതിസന്ധികൾ ശാശ്വതമായി പരിഹരിക്കപ്പെടുന്നതിനാവശ്യമായ നിയമ ഭേദഗതികൾ ഉൾപ്പടെയുള്ള നടപടികൾ സത്വരമായി സ്വീകരിക്കണമെന്ന് കേരള കത്തോലിക്കാ മെത്രാൻ സമിതി കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് പ്രമേയം വഴി ആവശ്യപ്പെട്ടു.

### എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി നിയമനത്തിന്റെ പേരിൽ അധ്യാപകതസ്തികകൾ ഇല്ലാതാക്കുന്നത് അംഗീകരിക്കാനാവില്ല

കത്തോലിക്ക സഭയുടെ കീഴിലുള്ള എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി നിയമനത്തിനായി നിയമം അനുശാസിക്കുന്ന 4% ഭിന്നശേഷി സംവരണത്തിനുള്ള തസ്തികകൾ മാറ്റിവയ്ക്കപ്പെട്ടിട്ടുള്ളതാണ്. മാറ്റിവയ്ക്കപ്പെട്ട ഭിന്നശേഷി സംവരണത്തിനുള്ള തസ്തികൾക്കു ശേഷമുള്ള നിയമനങ്ങളും ദിവസവേതനാടിസ്ഥാനത്തിൽ മാത്രം ആകണമെന്നുള്ള സർക്കാർ സർക്കുലർ മറ്റുള്ള അധ്യാപകർക്ക് നേരെയുള്ള വലിയ നീതി നിഷേധമായി കാണുന്നു. ഇതിനു അടിയന്തിരമായി സർക്കാർ പരിഹാരം കാണേണ്ടതുണ്ട്.

-2

PRESIDENT
His Beatitude
CARDINAL MAR BASELIOS CLEEMIS CATHOLICOS
Major Archbishop of Syro Malankara Church
Major Archbishop's House,
Pattom, Trivandrum 695 004.
Ph: +91 471 2541642, 2542643, 2540446
Email: baselioscleemis@gmail.com

VICE-PRESIDENT
His Excellency
MAR PAULY KANNOOKADAN
Bishop of Irinjalakuda
Bishop's House
Irinjalakuda 680 121
Ph: 0480 – 2826830, 2826820
Email: paulykannookadan@gmail.com

SECRETARY GENERAL
His Excellency
RT. REV. DR. ALEX VADAKUMTHALA
Bishop of Kannur, Bishop's House
Chovva P.O., Kannur 670 006
Ph: +91497 2729922, 2729988
Email: fralexv@gmail.com

DEPUTY SECRETARY GENERAL
FR. JACOB G. PALACKAPPILLY
POC, PB No. 2251
Palarivattom, Kochi-685 025
Ph: 0484-2805815,
2805722
Email: jacobgpala@gmail.com

മാറ്റിവയ്ക്കപ്പെട്ട തസ്തികകളിൽ ഭിന്നശേഷി വിഭാഗത്തിൽപെടുന്ന ജീവനക്കാരെ നിയമം അനുശാസിക്കുന്ന വിധം നിയമനം നടത്താൻ കത്തോലിക്ക സ്കൂളുകൾ എന്നും സന്നദ്ധമാണ്. ആയതുകൊണ്ട് മാറ്റിവച്ച തസ്തികളൊഴിച്ചുള്ള തസ്തികളിലുള്ള ജീവനക്കാർക്ക് അടിയന്തിരമായി സ്ഥിരനിയമന അംഗീകാരം നൽകണമെന്നും എയ്ഡഡ് സ്കൂളുകളുടെ സുഗമമായ പ്രവർത്തങ്ങൾക്ക് സർക്കാർ പിന്തുണ നൽകണമെന്നും വിദ്യാഭ്യാസമന്ത്രിക്ക് നൽകിയ നിവേദനം വഴി ആവശ്യപ്പെട്ടു.

ഭിന്നശേഷി വിഭാഗത്തിലെ ജീവനക്കാർക്കായി മാറ്റിവച്ച തസ്തികൾക്കു ശേഷമുള്ള തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം സ്കൂളുകളുടെ ഉത്തമ നടത്തിപ്പിന് വിഘാതം സൃഷ്ടിക്കുന്നതും കുട്ടികളുടെ പഠനത്തെ മോശമായി ബാധിക്കുന്നതും മറ്റുള്ള അധ്യാപകർക്ക് ഭരണഘടനയും നിയമവും നൽകുന്ന അവകാശങ്ങളെ ഹനിക്കുന്നതുമാണ് എന്ന് മെത്രാൻ സമിതി വിലയിരുത്തി.

**ദിവസവേതനടിസ്ഥാനത്തിലുള്ള നിയമനവും പ്രസവ അവധിയും**

ഭിന്നശേഷി വിഭാഗത്തിലെ ജീവനക്കാർക്കായി മാറ്റിവച്ച തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാരി പ്രസവ ആവശ്യവുമായി അവധിയിൽ പ്രവേശിക്കുമ്പോൾ പകരം ജീവനക്കാരെ നിയമിച്ചെങ്കിൽ മാത്രമേ കുട്ടികളുടെ പഠനം മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ഇങ്ങനെയുള്ള അവസരങ്ങളിൽ പകരം ജീവനക്കാരുടെ ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം അടിയന്തിരമായി അനുവദിക്കുവാനും സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

**കെസിബിസി നിയമനങ്ങൾ**

കെസിബിസി ഡെപ്യൂട്ടി സെക്രട്ടറിയും പിഒസി ഡയറക്ടറുമായി റവ. ഫാ. തോമസ് തറയിലിനെ നിയമിച്ചു. ഡിസംബർ 21-ന് അദ്ദേഹം സ്ഥാനമേറ്റെടുക്കും. മീഡിയാ കമ്മീഷൻ സെക്രട്ടറിയായി റവ. ഫാ. മിൽട്ടൺ സെബാസ്റ്റ്യൻ കളപ്പുരക്കലും (ആലപ്പുഴ രൂപത) യൂത്ത് കമ്മീഷൻ സെക്രട്ടറിയായി റവ. ഫാ. ഡിറ്റോ കൂലയും (തൃശ്ശൂർ അതിരൂപത) ലേബർ കമ്മീഷൻ സെക്രട്ടറിയായി റവ. ഫാ അരുൺ വലിയതാഴത്തും (കോതമംഗലം രൂപത) വിമൻസ് കമ്മീഷൻ സെക്രട്ടറിയായി ഡോ. ജിബി ഗീവർഗീസും (തിരുവനന്തപുരം മലങ്കര അതിരൂപത) കെസിഎസ്എൽ ജനറൽ സെക്രട്ടറിയായി റവ. ഫാ. ആന്റണി ലിജോ ഒടതെക്കലിനെയും (വരാപ്പുഴ അതിരൂപത) നിയമിച്ചു.

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ/ഔദ്യോഗിക വക്താവ്,
ഡയറക്ടർ, പിഒസി.